**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - വരോട് കെ.പി.എസ്.എം.എം.എച്ച്.എസ്.ലെ ഹെഡ്മാസ്റ്റർ ശ്രീ.എസ്.ആർ.പ്രകാശ് സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.7282/2024/GEDN തീയതി,തിരുവനന്തപുരം, 15-10-2024**

---

പരാമർശം:- വരോട് കെ.പി.എസ്.എം.എം.എച്ച്.എസ്.ലെ ഹെഡ്മാസ്റ്റർ ശ്രീ.എസ്.ആർ.പ്രകാശിന്റെ 17.08.2023-ലെ റിവിഷൻ ഹർജി

**<u>ഉത്തരവ്</u>**

വരോട് കെ.പി.എസ്.എം.എം. എച്ച്.എസ്.ലെ ഹെഡ്മാസ്റ്റർ ശ്രീ.എസ്.ആർ.പ്രകാശ് പരാമർശം പ്രകാരം സമർപ്പിച്ച റിവിഷൻ ഹർജിയുടെ സാരാംശം ചുവടെ ചേർക്കുന്നു.

"വരോട് കെ.പി.എസ്.എം.എം.എച്ച്.എസ്.ൽ ശ്രീമതി ബിന്ദു പി.ആർ. എന്ന അദ്ധ്യാപികയ്ക്ക് 01.10.2020 മുതൽ ഹെഡ്മിസ്ട്രസായി സ്ഥാനക്കയറ്റനിയമനം നൽകിയതിനെതിരെ ഹർജിക്കാരൻ സമർപ്പിച്ച ഹർജി തീർപ്പാക്കിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളത് ഇപ്രകാരമായിരുന്നു.

(എ) ശ്രീമതി ബിന്ദു പി.ആർ.ന് 01.10.2020 മുതൽ ഹെഡ്മിസ്ട്രസായി നിയമനാംഗീകാരം നൽകിയ ഉത്തരവ് റദ്ദാക്കുന്നു.

(ബി) ശ്രീമതി ബിന്ദു പി.ആർ.നെ 01.10.2020 മുതൽ 31.5.2021 വരെ ടീച്ചർ ഇൻ ചാർജ്ജ് ആയി ക്രമീകരിക്കുന്നു.

(സി) ശ്രീ.എസ്.ആർ.പ്രകാശിന് 01.6.2021 മുതൽ ഹെഡ്മാസ്റ്ററായി നിയമനം നൽകുന്നു.

23.06.2023-ലെ സ.ഉ.(സാധാ)നം.3748/2023/പൊവിവ.ന്റെ അടിസ്ഥാനത്തിൽ സ്കൂൾ മാനേജർ ശ്രീമതി ബിന്ദു പി.ആർ.നെ ഹെഡ്മിസ്ട്രസ് തസ്തികയിൽ നിന്നും എച്ച്.എസ്.ടി.(എൻ.എസ്.) തസ്തികയിലേക്ക് റിവർട്ട് ചെയ്തു. 01.10.2020 മുതൽ 31.05.2021 വരെ ടീച്ചർ ഇൻ ചാർജ്ജ് ആയി ക്രമീകരിച്ചു. ഹർജിക്കാരന് 01.06.2021 മുതൽ ഹെഡ്മാസ്റ്ററായി സ്ഥാനക്കയറ്റ നിയമനം തരുകയും ഈ നിയമനങ്ങൾ അംഗീകരിച്ചുകിട്ടുന്നതിനുള്ള പ്രൊപ്പോസൽ സമന്വയ വഴി ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്തു.

ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവിലൂടെ ശ്രീമതി ബിന്ദു പി.ആർ.ന്റെ ടീച്ചർ ഇൻ ചാർജ്ജ് നിയമനം യഥാവിധി തന്നെ അംഗീകരിച്ചെങ്കിലും ഹർജിക്കാരന്റെ ഹെഡ്മാസ്റ്റർ നിയമനം 23.06.2023-ലെ സർക്കാർ നിർദ്ദേശത്തിൽ സ്വന്തം നിലയിൽ ഭേദഗതി വരുത്തിക്കൊണ്ട് ഇപ്രകാരമാണ് അംഗീകരിച്ചത്.

"ശ്രീ.എസ്.ആർ.പ്രകാശിന്റെ പ്രധാനാദ്ധ്യാപക നിയമനം 1.6.2021 മുതൽ നോഷണലായി അംഗീകരിച്ചും, ടിയാൻ ചാർജ് എടുത്ത ദിവസം ആയ 26.6.2023 മുതൽ സാമ്പത്തിക ആനുകൂല്യത്തോടെ അംഗീകരിച്ചും സർക്കാർ നിർദ്ദേശം നടപ്പാക്കി ഉത്തരവാകുന്നു."

ഇപ്രകാരം 2 വർഷത്തിലധികകാലത്തെ നിയമനം നോഷണലായി നൽകിയാൽ മതി എന്ന് സർക്കാർ ഉത്തരവിൽ എവിടെയും പരാമർശിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഹർജിക്കാരന്റെ ഹെഡ്മാസ്റ്റർ പ്രമോഷൻ 01.06.2021 മുതൽ 25.06.2023 വരെ നോഷണലായി, അംഗീകരിച്ച പരാമർശം തിരുത്തി, സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം 01.06.2021 മുതൽ തുടർച്ചയായി സാമ്പത്തികാനുകൂല്യത്തോടെയുള്ള നിയമനാംഗീകാരമായി ഭേദഗതി ഉത്തരവ് ലഭ്യമാക്കുന്നതിന് അനുകൂലമായ നിർദ്ദേശം ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്നപേക്ഷിക്കുന്നു.”

**2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റിട്ടയർമെന്റ്, രാജി, പ്രൊമോഷൻ, മരണം തുടങ്ങിയവ കാരണമുണ്ടാകുന്ന ഒഴിവുകളാണ് റഗുലർ ഒഴിവുകളായി കണക്കാക്കുന്നത് എന്നതിനാലും വിരമിക്കുന്നതിന് മുന്നോടിയായി അവധിയിൽ പ്രവേശിക്കുന്ന ഒരു ഉദ്യോഗസ്ഥന് തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് കെ.എസ്.ആർ. ചട്ടം 72 വ്യവസ്ഥ ചെയ്യുന്നതിനാൽ തന്നെ അപ്രകാരം അവധിയിൽ പ്രവേശിക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവ് റഗുലർ ഒഴിവല്ല എന്നതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ബിന്ദു പി.ആർ. HST(NS)-ന് 01.10.2020 മുതൽ പ്രാബല്യത്തിൽ പ്രധാനാദ്ധ്യാപികയായി നിയമനാംഗീകാരം നൽകിയ ഉത്തരവ് റദ്ദാക്കിക്കൊണ്ട് ടിയാളെ 01.10.2020 മുതൽ 31.05.2021 വരെ ടീച്ചർ ഇൻ ചാർജായി ക്രമീകരിക്കുന്നതിനും ശ്രീ.വി.പ്രകാശിന്റെ റിട്ടയർമെന്റ് ഒഴിവിൽ 01.06.2021 മുതൽ പ്രാബല്യത്തിൽ ഹെഡ്മാസ്റ്ററായി ശ്രീ.എസ്.ആർ.പ്രകാശിന് പ്രമോഷൻ നിയമനം നൽകണമെന്നുമുള്ള ആവശ്യം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കി സ.ഉ.(സാധാ)നം.3748/2023/പൊവിവ പുറപ്പെടുവിച്ചിരുന്നു. ആയതിൻ പ്രകാരം മാനേജർ ശ്രീമതി ബിന്ദു പി.ആർ.നെ ഹെഡ്മിസ്ട്രസ് തസ്തികയിൽ നിന്നും എച്ച്.എസ്.ടി. (എൻ.എസ്. ) തസ്തികയിലേക്ക് റിവർട്ട് ചെയ്യുകയും ടിയാരിയെ 01.10.2020 മുതൽ 31.05.2021 വരെ ടീച്ചർ ഇൻ ചാർജ് ആയി ക്രമീകരിക്കുകയും ഹർജിക്കാരന് 01.06.2021 മുതൽ ഹെഡ്മാസ്റ്ററായി സ്ഥാനക്കയറ്റ നിയമനം നല്കുകയും ഈ നിയമനങ്ങൾ അംഗീകരിച്ചുകിട്ടുന്നതിനുള്ള പ്രപ്പോസൽ സമന്വയ വഴി ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഹർജിക്കാരന്റെ ഹെഡ്മാസ്റ്റർ നിയമനം 1.6.2021 മുതൽ നോഷണലായി അംഗീകരിച്ചും, ടിയാൻ ചാർജ് എടുത്ത ദിവസം ആയ 26.6.2023 മുതൽ സാമ്പത്തിക ആനുകൂല്യത്തോടെ അംഗീകരിച്ചും ആണ് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ സർക്കാർ നിർദ്ദേശം നടപ്പാക്കിയത്.

**6)** ശ്രീ.എസ്.ആർ.പ്രകാശിന് ചട്ടപ്രകാരം ലഭിക്കേണ്ടിയിരുന്ന ഹെഡ്മാസ്റ്റർ സ്ഥാനക്കയറ്റം ശ്രീമതി ബിന്ദുവിന് മാനേജർ തെറ്റായി സ്ഥാനക്കയറ്റം നൽകിയതു വഴി

നിഷേധിക്കപ്പെടുകയായിരുന്നു. അപ്രകാരം നീതി നിഷേധിക്കപ്പെട്ടതിനാലാണ് ടിയാന് അർഹതപ്പെട്ട സ്ഥാനക്കയറ്റം മുൻകാല പ്രാബല്യത്തിൽ നൽകാൻ സർക്കാർ ഉത്തരവായത്. 01.06.2021 മുതൽ 25.06.2023 വരെ ശ്രീ.എസ്.ആർ.പ്രകാശ് ഹെഡ്മാസ്റ്ററുടെ ചുമതല നിർവ്വഹിച്ചിട്ടില്ല എന്നത് ടിയാന്റെ ഭാഗത്തുനിന്നുള്ള വീഴ്ച കൊണ്ടല്ല. അതിനാൽ ടി കാലയളവിലെ സേവനവേതനാനുകൂല്യങ്ങൾക്ക് ടിയാന് അർഹതയുണ്ട്.

7) മേൽ സാഹചര്യത്തിൽ, ശ്രീ.എസ്.ആർ.പ്രകാശിന് ഹെഡ്മാസ്റ്റർ തസ്തികയിൽ മുൻകാല പ്രാബല്യത്തോടെ നൽകിയ പ്രൊമോഷനെ തുടർന്ന് കേരള സർവീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 23(എ)യിൽ ഇളവ് വരുത്തി, 01.06.2021 മുതൽ 25.06.2023 വരെ ഹെഡ്മാസ്റ്റർ തസ്തികയിലെ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും, ശ്രീമതി ബിന്ദു പി.ആർ.നെ ഹെഡ്മിസ്ട്രസ് തസ്തികയിൽ നിന്നും എച്ച്.എസ്.ടി.(എൻ.എസ്. ) തസ്തികയിലേക്ക് റിവർട്ട് ചെയ്യുകയും ടിയാരിയെ 01.10.2020 മുതൽ 31.05.2021 വരെ ടീച്ചർ ഇൻ ചാർജ് ആയി ക്രമീകരിക്കുകയും ചെയ്തതിനാൽ ശ്രീമതി ബിന്ദു പി.ആർ. 01.10.2020 മുതൽ അധികമായി കൈപ്പറ്റിയ ആനുകൂല്യങ്ങൾ തിരികെ ഈടാക്കുന്നതിനും, ഒറ്റപ്പാലം ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കി, വരോട് കെ.പി.എസ്.എം.എം. എച്ച്.എസ്.ലെ ഹെഡ്മാസ്റ്റർ ശ്രീ.എസ്.ആർ.പ്രകാശ് സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീജ വി

അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, കെ.പി.എസ്.എം.എം.ഹൈസ്കൂൾ, വരോട്, പാലക്കാട്
ശ്രീ.എസ്.ആർ.പ്രകാശ്, ഹെഡ് മാസ്റ്റർ,
കെ.പി.എസ്.എം.എം. ഹൈസ്കൂൾ, വരോട്, പാലക്കാട്
ശ്രീമതി ബിന്ദു പി.ആർ., എച്ച്.എസ്.എ.,
കെ.പി.എസ്.എം. ഹൈസ്കൂൾ, വരോട്, പാലക്കാട്
പൊതുവിദ്യാഭ്യാസ(ജെ.എ)വകുപ്പ് (02.04.2024-ലെ GE-JA3/456 /2023-G.EDN നമ്പർ അനൗദ്യാഗിക കുറിപ്പ് പ്രകാരം)
ധനകാര്യ(എഡ്യൂ-എ)വകുപ്പ് (12.09.2024-ലെ **E-2239870/EDN-A1/235/2022-FIN** നമ്പർ അനൗദ്യാഗിക കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 15-10-2024 16:38:53

സെക്ഷൻ ഓഫീസർ